കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-2016

ജില്ലാഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം .കെ.എസ്.എ.ടി.എസ്.ആർ.(പി4)92/2017

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,തൃശ്ശൂർ -20,

ഫോൺ നം.04872331249

ഇ-മെയിൽ:dotsr.ksad@kerala.gov.in
തിയതി-27.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുഴൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുഴൂർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-3 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-17, 3-18 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (പി4)92/2017

തിയ്യതി: 27.01.2017

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.8.15 മുതൽ 7.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7.01.2017 മുതൽ<br>13.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സുനിൽ ദത്ത് എം.ആർ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബേബി പി.വി<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സീനത്ത്.പി.എ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സിനിലാൽ എം.ജി,<br>അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി. സോന .കെ. സത്യൻ, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.ഇ.കേശവൻകുട്ടി | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 12.11.2015 വരെ |
| | ശ്രീമതി. ശാന്തകുമാരി | 13.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.പി.വി വിജയൻ | 01.04.2015മുതൽ 31.03.2016 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.നൈജു.ടി.വി | 01.04.2015 മുതൽ 18.05.2015 വരെ |
| | ശ്രീമതി. ഗ്രേയ്സി ജോസഫ് | 19.05.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുജിത്ത് പി.ജി | 01.04.2015 മുതൽ 31.03.2016വരെ |
| ഹെഡ്മാസ്റ്റർ ജി.യു.പി.എസ്. | ശ്രീ.സിറാജുദ്ദീൻ.എസ്.എം | 01.04.2015മുതൽ 15.05.2015വരെ |
| | ശ്രീ. കെ.കെ. ബാലകൃഷ്ണൻ | 16.05.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രീത. കെ. പള്ളത്ത് | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സതി. കെ.എ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം | ഡോ.ജിസി മാത്യു | 01.04.2015മുതൽ 19.6.2015വരെ |
| | ഡോ. സന്ധ്യ ദേവി | 20.06.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ഗിരീഷ് കൃഷ്ണൻ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ | ഡോ.ശ്യാമള.കെ.കെ | 01.04.2015മുതൽ |

| | | |
|---|---|---|
| ഓഫീസർ,<br>(ഹോമിയോ) | | 01.07.2015FNവരെ |
| | ശ്രീലത ദേവി. കെ | 01.07.2015 ANമുതൽ 31.3.2016 വരെ |
| വി.ഇ.ഒ | ശ്രീ.ബിജു. സി.വി | 01.04.2015മുതൽ 31.03.2016വരെ |
| ഡയറി ഫാം ഇൻസ്കക്ടർ | വിധു. വി.എസ്. | 01.04.2015മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഹരിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ വ്യവസ്ഥ പ്രകാരം ഭൂമി കൈമാറിയത്-പഞ്ചായത്തിന് ഗുണകരമായ രീതിയിൽ കരാർ വ്യവസ്ഥകൾ പുതുക്കാൻ നടപടി സ്വീകരിക്കണം. | 2-1 |
| 13 | ഫ്ളോറ ആയുർവേദിക് റിസോർട്ട് ഇൻഡ്യ-എന്ന സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്. | 2-2 |
| 14 | കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് | 2-3 |

| | | |
|---|---|---|
| | കോപ്പറേഷൻ,കാലിത്തീറ്റ നിർമ്മാണ ഫാക്ടറി റഗുലറൈസേഷൻ - അപാകതകൾ | |
| 15 | ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് റിസർച്ച് ഇൻസ്റ്റിട്യൂട്ട് നിർമ്മാണം | 2-4 |
| 16 | പഞ്ചായത്തിൽ അനധികൃത ഫാം പ്രവർത്തിക്കുന്നു | 2-5 |
| 17 | അനധികൃത മൾട്ടി പർപ്പസ് ഫാം - | 2-6 |
| 18 | നിലം നികത്തുഭൂമിയിൽ വ്യവസായ സ്ഥാപനത്തിന് നിർമ്മാണാനുമതി | 2-7 |
| 19 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണ്. | 2-8 |
| 20 | വസ്തു നികുതി കുറവ് ഈടാക്കി | 2-9 |
| | ഭാഗം 3 | |
| 21 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ പദ്ധതികൾ-പൊതു അപാകതകൾ | 3-1 |
| 22 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധികൾ-കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 3-2 |
| 23 | കൈമുക്ക് ലിഫ്റ്റ് ഇറിഗേഷൻപൈപ്പ് ലൈൻ നീട്ടൽ | 3-3 |
| 24 | മാരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 3-4 |
| 25 | ഐ.എ.വൈ.എസ്.സി.പി.പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-5 |
| 26 | മീഡിയശ്രീ - വിനിയോഗവിവരം ലഭ്യമല്ല. | 3-6 |
| 27 | പാലിയേറ്റീവ് കെയർ- മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. അധികം നൽകിയ തുക ഈടാക്കണം. | 3-7 |
| 28 | വി.ഇ.ഒ. നടപ്പാക്കിയ വിവിധ പദ്ധതികൾ- ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ തുക നൽകിയത്. | 3-8 |

| | | |
|---|---|---|
| | രേഖകൾ ഹാജരാക്കാൻ നടപടി സ്വീകരിക്കണം. | |
| 29 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ- രേഖകൾ ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 30 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - പദ്ധതി അപാകതകൾ | 3-10 |
| 31 | കന്നുക്കുട്ടി പരിപാലനം മാർഗ്ഗരേഖ പാലിക്കുന്നില്ല. | 3-11 |
| 32 | മഹിള കിസ്സാൻ സശാക്തീകരണ പര്യായോജന (MKSP) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-12 |
| 33 | ഓട്ടോ വാങ്ങൽ പദ്ധതി ബാക്ക് എൻഡ് സബ്സിഡി ബാങ്കിൽ വരവു വെച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-13 |
| 34 | ആശ്രയ പദ്ധതി ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല-റീ വിസിറ്റ് നടത്തി തുടർ സേവന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. | 3-14 |
| 35 | ആശ്രയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം-നിലവിലെ സ്ഥിതി വ്യക്തമാക്കണം. . | 3-15 |
| 36 | മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- സർക്കാർ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് | 3-16 |
| 37 | സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം-ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 3-17 |
| 38 | ലോഗ് ബുക്ക് - സംക്ഷിപ്തം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല . | 3-18 |
| 39 | ജലനിധി-അവലോകനം | 3-19 |
| 40 | തൊഴിലുറപ്പ് പദ്ധതി - അവലോകനം. | 3-20 |
| | ഭാഗം 4 | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.03.15 തിയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 151710157/- രൂപയും, ചെലവ് 144810291/- രൂപയും ആണ്. 15-16 ൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 23.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക കണക്കുകൾ പരിശോധിച്ച തിയ്യതി |
|---|---|
| 2015-16 | 10.01.2017 |

അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ - അപാകതകൾ

ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 25090285 |
| വരവ് | ₹ 46529880 |
| ആകെ | ₹ 71620165 |
| ചെലവ് | ₹ 59038821 |

| നീക്കിയിരിപ്പ് | ₹ 12581344 |
|---|---|

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1254088 | 3389008+ 4004704 | 8647800 | 8647800 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 451435 | 2390182 | 2841617 | 2799367 | 42250 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7000 | 7000 | 7000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 427361 | 7631246 | 8058607 | 8058607 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 155633 | 1799995 | 1955628 | 1955628 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 812954 | 4359839 | 5172793 | 3507336 | 1665457 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2296997 | 2267222 | 4564219 | 2267222 | 2296997 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 13751200 | 13751200 | 13748722 | 0 | 2478 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 112 | 3,12,70,754 | 111 | 2,81,07,137 | 0 | 1 | 99.11 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33 % കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 3462620 | 1958810 | -1503810 | -43 |
| നികുതിയേതര വരവുകൾ | 770332 | 866249 | +95917 | +12 |
| ആകെ | 4232952 | 2825059 | -1407893 | -33 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.17 തിയ്യതിയിൽ 3.30pmന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 11,939/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി ക്യാഷ് ബാലൻസ് തുക പൊരുത്തപ്പെടുന്നുണ്ട്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 153720 | 86 |
| കർഷകതൊഴിലാളി പെൻഷൻ | 5514540 | 616 |
| വിധവാപെൻഷൻ | 10254880 | 921 |
| വാർദ്ധക്യകാല പെൻഷൻ | 8983680 | 989 |
| വികലാംഗ പെൻഷൻ | 2741450 | 257 |
| 50വയസ്സായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 806240 | 71 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-10 ആഭ്യന്തരനിയന്ത്രണം.

► രജിസ്റ്ററുകളുടെ പരിപാലനം

1. 2015-16 ൽ UA രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കേണ്ടതാണ്

രജിസ്റ്ററുകൾ പൂർണ്ണമായും കൃത്യമായും എഴുതി സൂക്ഷിക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/12/16 | 11/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ജൂലൈ 2014 | 2009-2010 | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഹരിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ വ്യവസ്ഥ പ്രകാരം ഭൂമി കൈമാറിയത്- പഞ്ചായത്തിന് ഗുണകരമായ രീതിയിൽ കരാർ വ്യവസ്ഥകൾ പുതുക്കാൻ നടപടി സ്വീകരിക്കണം.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം (KSIDC) വ്യവസായ വികസന പദ്ധതിയുടെ ഭാഗമായി കൊട്ടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ, പ്രകൃതിദത്ത നാരുകളുടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതോടൊപ്പം ടിഷ്യൂ കൾച്ചർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രകൃതിദത്ത നാരുള്ള ചെടികൾ ആവശ്യാനുസരണം നിർമ്മിക്കുന്നതിനായി ഒരു ടിഷ്യൂ കൾച്ചർ ലാബ് സ്ഥാപിക്കുന്നതിന് സർക്കാർ കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഈ ആവശ്യത്തിലേക്കായി 99 വർഷത്തേക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ സ്ഥലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഐ.ഡി.സി.യുടെ മാനേജിംഗ് ഡയറക്ടർ 26.11.13ന് എസ്.പി.&പി 398/2411 നമ്പറായി ഒരു കത്ത് ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. നല്ലയിനം തഴകൈത ചെടികൾ ടിഷ്യൂകൾച്ചർ ചെയ്ത് നൽകുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കാൻ ജവഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് സർക്കാർ (JNTBGRI)നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതിനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനം വഹിക്കുമെന്നും മേൽ കത്തിൽ സൂചിപ്പിച്ചിരുന്നു.

മികച്ച പഞ്ചായത്തിനുള്ള സർക്കാർ ഗ്രാന്റ് ലഭിച്ച കുഴൂർ ഗ്രാമപഞ്ചായത്ത് 2005 വർഷത്തിൽ ഈ തുക വിനിയോഗിച്ച് കാക്കുളിശ്ശേരി വില്ലേജ് 247/1, 249/4 സർവ്വെ നമ്പറുകളിലായി 802/1/2005 നമ്പർ ആധാര പ്രകാരം 1 ഏക്കർ 27സെന്റ് സ്ഥലം വാങ്ങിയിരുന്നു (51.39ആർ). മേൽ കത്തുകളിൽ സൂചിപ്പിച്ചിരുന്നത് പ്രകാരം KSIDC യുടെയും JNTBGRIയുടേയും സഹകരണത്തോടെ ടിഷ്യൂ കൾച്ചർ ലാബും, വ്യവസായ യൂണിറ്റും വന്നാൽ ചുരുങ്ങിയത് 100 പേർക്കെങ്കിലും പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ ലഭിക്കുമെന്നതിനാൽ മേൽ സ്ഥലം പാട്ടക്കരാർ വ്യവസ്ഥയിൽ നൽകുന്നതിന് ഭരണ സമിതിയുടെ 5/12/13ലെ 4, 29.1.14 ലെ 1 നമ്പർ പ്രകാരം തീരുമാനങ്ങൾ എടുക്കുകയും കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ 7-ാം ഉപചട്ടപ്രകാരം സെന്റിന് 100 രൂപ വാർഷിക വാടക നിശ്ചയിച്ച് 99 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ സ്ഥലം കൈമാറുന്നതിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സർക്കാരിനോടപേക്ഷിക്കുകയും 19.7.14 ലെ സ.ഉ.(സാ) നം.1892/2014 ത.സ്വ.ഭ.വ ഉത്തരവിലൂടെ സർക്കാർ ഇക്കാര്യം അംഗീകരിക്കുകയും ചെയ്തു.

പഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുമായിരുന്നതും നിലവിലെ മാർക്കറ്റ് വില പ്രകാരം കോടികൾ വിലമതിക്കുന്നതുമായ സ്ഥലം സർക്കാർ അനുമതി ലഭിക്കുന്നതിനു മുൻപു തന്നെ JNTBGRI ക്ക് കൈമാറുകയും തുച്ഛമായ വാടക കിട്ടുന്ന തരത്തിൽ പഞ്ചായത്തിനു ഗുണകരമല്ലാത്ത

വ്യവസ്ഥകൾ ഉൾപ്പെടുത്തി ടി സ്ഥാപനം തയ്യാറാക്കി നൽകിയ കരാർ വ്യവസ്ഥകളിൻമേൽ ആവശ്യമായ പരിശോധന നടത്തി നിയമോപദേശം തേടാതെയും, കരാർ വ്യവസ്ഥകൾ കമ്മിറ്റിയുടേയും സർക്കാരിന്റേയും അനുമതി കൂടാതെ അംഗീകരിച്ച് കരാറിൽ ഏർപ്പെട്ടതു വഴി ഗ്രാമപഞ്ചായത്തിന് ടി സ്ഥലം നിലവിൽ നഷ്ടമായ അവസ്ഥയിലാണ്.

പൊതു അപാകതകൾ

1. വ്യവസായ പാർക്കിനും, ടിഷ്യൂകൾച്ചർ ലാബ് സ്ഥാപിക്കുന്നതിനുമായി സ്ഥലം ലഭ്യമാക്കുന്നതിന് സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് ഗ്രാമപഞ്ചായത്തുമായി കത്തിടപാടുകൾ നടത്തിയതെങ്കിലും വ്യവസായ യൂണീറ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ കരാറിലുൾപ്പെട്ടിട്ടില്ല.

2. ലാബ് സ്ഥാപിക്കുന്നതിനാവശ്യമായ തുക JNTBGRI ക്ക് ഹിന്ദുസ്ഥാൻ ലൈഫ് കെയർ കമ്പനിയാണ് ലഭ്യമാക്കുന്നതെന്ന് KSIDC അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ടി സ്ഥാപനങ്ങൾ തമ്മിലുള്ള വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിനെ ബോധ്യപ്പെടുത്തിയിട്ടില്ല. അതേ സമയം കരാറിലെ 15-ാമത് വ്യവസ്ഥ പ്രകാരം പ്രോജക്ട് നടത്തിപ്പിനായി സാമ്പത്തിക സഹായം ആവശ്യമെങ്കിൽ മേൽ ഭൂമി പണയപ്പെടുത്തുന്നതിന് പഞ്ചായത്തിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങുന്നതിന് JNTBGRI ക്ക് അവസരമുണ്ടായിരിക്കുമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇത്തരം വ്യവസ്ഥകൾ ടി ഭൂമി പണയപ്പെടുത്തുന്നതിനുള്ള സാധ്യതയാണ് സൂചിപ്പിക്കുന്നത്.

3. 99 വർഷത്തേക്ക് പഞ്ചായത്തിന്റെ അനുമതി കൂടാതെ ഭൂമി വിൽപ്പന നടത്താനാവില്ലായെന്ന വ്യവസ്ഥയൊഴികെ മറ്റെല്ലാ അവകാശവും JNTBGRIക്ക് നൽകിയതായാണ് കരാറിൽ കാണുന്നത്. എന്നാൽ മേൽ ഭൂമി ദുരുപയോഗം ചെയ്യുന്ന സാഹചര്യമുണ്ടായാലോ/പ്രോജക്ട് അവസാനിപ്പിക്കുന്ന സാഹചര്യത്തിലോ ഭൂമി തിരികെ പഞ്ചായത്തിനു കൈമാറണമെന്ന വ്യവസ്ഥ കരാറിലുൾപ്പെടുത്തിയിട്ടില്ല.

4. കരാറിലെ 5-ാമത് വ്യവസ്ഥ പ്രകാരം കരാർ കാലാവധിയായ 99 വർഷത്തേക്ക് അഥവാ പ്രോജക്ടിൽ ഉദ്ദേശിച്ച ഹരിത വ്യവസായപാർക്ക് (green industrial park) സ്ഥാപിക്കുന്ന/നിലനിൽക്കുന്ന കാലത്തോളം ഭൂമി തിരികെ ആവശ്യപ്പെടാനാവില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഹരിത വ്യവസായപാർക്ക് എന്നതു കൊണ്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും ഇക്കാര്യത്തിൽ വ്യവസായ വികസന വകുപ്പിന്റെ ഉത്തരവാദിത്വം എന്താണെന്നും കരാറിൽ എവിടെയും പരാമർശിച്ചിട്ടില്ല.

5. പഞ്ചായത്തു പരിധിയിലെ ജനങ്ങൾക്ക് തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചാണ് പാട്ടവ്യവസ്ഥയനുസരിച്ച് ഭൂമി വിട്ടു നൽകാൻ പഞ്ചായത്തു തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച യാതൊരു വ്യവസ്ഥയും കരാറിലുൾപ്പെടുത്തിയിട്ടില്ല.

6. കോടികൾ വിലമതിക്കുന്ന ഭൂമി തുച്ഛമായ തുക നിശ്ചയിച്ച് JNTBGRIക്ക് നൽകിയിട്ടുണ്ടെങ്കിലും ഈടാക്കുന്ന വാർഷിക വാടക, കരാർ വ്യവസ്ഥകൾ എന്നിവ ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ ഭൂമി കൈമാറുന്നതിനു മുൻപായി സർക്കാർ അനുമതി ലഭിച്ചതായും കാണുന്നില്ല.

7. കാലാനുസൃതമായി പാട്ടത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരാറിലുൾപ്പെടുത്തിയിട്ടില്ല.

8. ടി ഭൂമിയിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൈമുക്ക് വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്നുണ്ട്. ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പഞ്ചായത്തധികാരികൾക്ക് ടി കോംപൗണ്ടിൽ പ്രവേശിക്കാനുള്ള അവകാശം കരാർ വ്യവസ്ഥയിലുൾപ്പെടുത്തിയിട്ടില്ല.

9. കരാറിലെ 6-ാം വ്യവസ്ഥ പ്രകാരം പഞ്ചായത്തിൽ നിലനിൽക്കുന്ന അതാത് സമയങ്ങളിൽ ബാധകമായ നിയമ പ്രകാരം മാത്രമേ നിർമ്മാണ പ്രവൃത്തികൾ നടത്താൻ പാടുള്ളുവെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 2011ലെ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് എടുക്കാതെയാണ് ടി സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തി വരുന്നത്. എന്നാൽ ഇക്കാര്യത്തിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

10. പഞ്ചായത്ത് കൈമാറിയ ടി ഭൂമിയിലെ മരങ്ങൾ മുറിച്ച് ലേലം ചെയ്തതു സംബന്ധിച്ച് വിവരാവകാശ നിയമ പ്രകാരം ലഭിച്ച 17.11.15ലെ അപേക്ഷക്ക് ടി ഭൂമിയിലെ വൃക്ഷങ്ങളുടെ ലേലവുമായി പഞ്ചായത്തിന് ബന്ധമില്ലാത്തതാണെന്ന് 10.12.15ന് A2-4268/15 പ്രകാരം മറുപടി നൽകി കാണുന്നു. ഭൂമി കൈമാറുന്ന സമയത്ത് നിലവിലുണ്ടായിരുന്നതായ വൃക്ഷങ്ങൾ, ലേലം ചെയ്തു നൽകാവുന്നതായ മറ്റെന്തെങ്കിലും വസ്തു വഹകൾ ഉണ്ടെങ്കിൽ അവയ്ക്ക് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കണമെന്ന വ്യവസ്ഥ കരാറിലുൾപ്പെടുത്തിയിരുന്നില്ല.

11.കേരള പഞ്ചായത്ത് രാജ് ആക്ട് വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങളിലെ ചട്ടം 7 പ്രകാരമാണ് പഞ്ചായത്തിന്റെ ഭൂമി ടി സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. ടി ചട്ടം പഞ്ചായത്തിന്റെ സ്വന്തമായ വസ്തുക്കൾ ലൈസൻസിക്ക് വാടകയ്ക്കോ/പാട്ടത്തിനോ നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതു പ്രകാരം നൽകുന്നതിന് ഉപചട്ടം (1) പ്രകാരം പഞ്ചായത്ത് ബൈലോ/വ്യവസ്ഥകൾ തയ്യാറാക്കേണ്ടതും അവയുടെ ഉപയോഗത്തിന് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് ചുമത്താവുന്നതും ഉപചട്ടം (2) പ്രകാരം ഫാറം III ലുള്ള വാടക കരാർ പത്രത്തിൽ കരാർ ചമക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ബൈലോ/വ്യവസ്ഥകൾ തയ്യാറാക്കി ഭരണസമിതി അംഗീകാരം നൽകിയിട്ടില്ലാത്തതും ടി സ്ഥാപനം പഞ്ചായത്തിന്റെ ലൈസൻസി അല്ലാത്തതും ഇതിനായി ചമച്ചിട്ടുള്ള കരാറിൽ മേൽ ചട്ടത്തിൽ നിർദ്ദേശിച്ച വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മേൽ കരാർ നിയമാനുസൃതം നിലനിൽക്കുന്നതാണോയെന്ന് പരിശോധിക്കേണ്ടതാണ്.

മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും കേന്ദ്രസർക്കാർ സ്ഥാപനത്തിന്റെ ഫണ്ട് ലഭിക്കുമെന്ന കാരണം ചൂണ്ടിക്കാട്ടി വ്യവസായ വികസന കോർപ്പറേഷൻ തയ്യാറാക്കിയ പ്രോജക്ട് നടപ്പാക്കുന്നതിനായി പാട്ടക്കരാർ വ്യവസ്ഥ പ്രകാരം JNTBGRIക്ക് സ്ഥലം നൽകിയതിൽ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ചുകാണുന്നില്ല. വ്യവസായ വികസന കോർപ്പറേഷൻ അവകാശപ്പെടുന്ന വിധത്തിൽ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനം ഒരു കേന്ദ്രസർക്കാർ സ്ഥാപനമാണെന്ന് സാക്ഷ്യപ്പെടുത്തുന്നതായ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ആയതിനാൽ കരാർ വ്യവസ്ഥകളിലെ അപാകതകൾ പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനും കരാർ വ്യവസ്ഥകളുടെ ലംഘനം ഉണ്ടാകുന്ന പക്ഷം മേൽ ഭൂമി തിരികെ പഞ്ചായത്തിനു ലഭിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഭരണസമിതി, സർക്കാർ എന്നിവരുടെ അനുമതി ലഭ്യമാക്കി കരാർ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഫ്ലോറ ആയുർവേദിക് റിസോർട്ട് ഇൻഡ്യ-എന്ന സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ തീരുമാനമെടുക്കുന്നത്

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011 ജനവരി 6 ന് വിജ്ഞാപനം ചെയ്ത ഗവൺമെന്റ് ഓഫ് ഇൻഡ്യാ ഗസറ്റിൽ കേരളത്തിനു ബാധകമായ CRZ നിർദ്ദേശങ്ങൾ ഖണ്ഡിക 2 (I) മുതൽ (V) വരെ വ്യവസ്ഥകൾ പ്രകാരം കേരളത്തിലെ മുഴവൻ കായൽ തുരുത്തുകളും സി.ആർ.സെഡ് വിജ്ഞാപനത്തിനു വിധേയമായിരിക്കുമെന്നും, വേലിയേറ്റ രേഖയുടെ അൻപത് മീറ്ററിനുള്ളിൽ പുതിയ നിർമ്മാണ പ്രവൃത്തികൾ അനുവദിക്കുകയില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരവും, 2011 ലെ കേരള പഞ്ചായത്തീരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും 12.8.2008 ൽ പ്രാബല്യത്തിൽ വന്ന നെൽവയൽ നീർത്തട തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരവും ഫ്ലോറ ആയുർവേദിക് റിസോർട്ട് ഇൻഡ്യ എന്ന സ്ഥാപനത്തിന് കെട്ടിട നിർമ്മാണ അനുമതി നൽകാനാവില്ല.

ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന സിവിൽ അപ്പീൽ നം 2749 ഓഫ് 2015 (Arising out of SLP(Civil) No. 3172/2014)ന്റെ 10.3.15ലെ വിധി പകർപ്പ് ഖണ്ഡിക 21, 23 എന്നിവയുടെ അടിസ്ഥാനത്തിൽ

19.4.2016ന് നം.130/ആർ.എ.1/ 2016/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ബി.ടി.ആർ.ൽ നിലമായി രേഖപ്പെടുത്തിയതും 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വന്ന ശേഷം തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്കിലോ/ഡാറ്റാ ബാങ്കിലോ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ സ്ഥലങ്ങൾക്ക് 2015ലെ തണ്ണീർത്തട സംരക്ഷണഭേദഗതി നിയമം വകുപ്പ് 3എ പ്രകാരമോ, 1967ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമോ ഉള്ള ജില്ലാ കളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവ് ഉണ്ടോയെന്ന് ഉറപ്പു വരുത്തണമെന്നും തണ്ണീർത്തടമായി ഡാറ്റാ ബാങ്കിലുൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്ന പക്ഷം തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ 14-ാം വകുപ്പിന്റെ ലംഘനമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടിയ്ക്കും വിജിലൻസ് കേസിനും ശുപാർശ ചെയ്യുന്നതാണെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ പ്രകാരം ജില്ലാ കളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2011 ലെ കേരള പഞ്ചായത്തീരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് അനുവദിക്കാൻ സാധ്യമല്ല.

ഈ സാഹചര്യത്തിൽ കുഴൂർ ഗ്രാമപഞ്ചായത്ത് സി.ആർ.സെഡ് പരിധിയിൽ ഉൾപ്പെടുന്നില്ലായെന്നു കാണിച്ച് 6.4.16 ന് ശാസ്ത്ര സാങ്കേതിക (എ) വകുപ്പിൽ നിന്നും ലഭിച്ച നം. 2560/എ1/2016/KCZMA കത്തിന്റെ സാധുത പുന:പരിശോധിക്കുന്നതിനാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയതായി കാണുന്നില്ല. കെട്ടിട നിർമ്മാണത്തിനായി മേൽ സ്ഥാപനം സമർപ്പിച്ച രേഖകൾ പ്രകാരം ടി ഭൂമി നിലം ആയി കാണുന്നതും സ്ഥലത്തിന്റെ സ്കെച്ച് പരിശോധിച്ചതിൽ നിന്നും ടി സ്ഥലം ചാലക്കുടി പുഴയിൽ സ്ഥിതി ചെയ്യുന്ന ഡെൽറ്റ പ്രദേശമായിട്ടാണ് കാണുന്നത്. പെർമിറ്റ് അനുവദിക്കുന്നതിന് മുൻപായി കെട്ടിട നിർമ്മാണം അനുവദിക്കാവുന്ന ഭൂപ്രദേശമാണോയെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 2-3 കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോപ്പറേഷൻ,കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി റഗുലറൈസേഷൻ - അപാകതകൾ

കുഴൂർ ഗ്രാമപഞ്ചായത്ത് കാക്കുളിശ്ശേരി വില്ലേജ് 388/6, 389/1, 389/3, 390/3, 393/1, 393/2, 393/3, 393/6 സർവ്വെ നമ്പറിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോപ്പറേഷന്റെ കോഴിത്തീറ്റ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്ക് പണിതിട്ടുള്ള കെട്ടിടങ്ങൾ (6132.68 m2) 15.12.2015 ൽ ഗ്രാമപഞ്ചായത്ത് റഗുലറൈസ് ചെയ്ത് കെട്ടിടനമ്പർ നൽകി. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. 6132.68 $m^2$ റഗുലറൈസ് ചെയ്ത് നൽകിയ കെട്ടിടങ്ങളുടെ പ്ലാൻ ചീഫ് ടൗൺ പ്ലാനർ അപ്രൂവൽ നൽകിയിട്ടില്ല. സ.ഉ(സാധാ) 3354/2015/16.11.2015 ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോപ്പറേഷന്റെ കോഴിത്തീറ്റ നിർമ്മാണ യൂണിറ്റിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 59(5), 59(7) എന്നീ ചട്ടങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്.

2. കൈവശ സർട്ടിഫിക്കറ്റ് പ്രകാരം 393/2, 393/2, 388/6, 393/2, 389/3, 389/1 ,390/3, 392/1, 393/6 സർവ്വെ നമ്പറിൽ ഉൾപ്പെടുന്ന സ്ഥലം 'നിലം' ആണ്. വീട്ടു നിർമിക്കുന്നതിന് മാത്രമാണ് നിലം നികത്തു ഭൂമി ഉപയോഗപ്പെടുത്തുവാനനുമതിയുള്ളതെന്ന് 59655/ആർ.എ.1/08/തസ്വഭവ./23.9.2008 നമ്പർ സർക്കുലറിലൂടെ സർക്കാർ വ്യക്തമാക്കുന്നുണ്ട്. 393/2, 392/1, 389/3, 393/3, 390/3, 38/6, 393/6 സർവ്വെകളിലുള്ള ഭൂമികൾ മറ്റുവിളകൾക്കായി പരിവർത്തനപ്പെടുത്തിയ ഭൂമിയായി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിയ്ക്കുന്നു. കെട്ടിട നിർമ്മാണാനുമതി നൽകുമ്പോൾ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതിയോ അല്ലെങ്കിൽ 2015ലെ നെൽവയൽ തണ്ണീർത്തട നിയമം വകുപ്പ് 3(എ) പ്രകാരമുള്ള ജില്ലാകളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവോ ഉണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പാലിക്കാതെ നിലം നികത്ത് ഭൂമിയിൽ പണിത കെട്ടിടം റഗുലറൈസ് ചെയ്ത് നമ്പർ അനുവദിച്ചു.

3. ചീഫ് ടൗൺ പ്ലാനർ നിർദ്ദേശിച്ച 7-ാം നമ്പർ ന്യൂനത പരിഹരിച്ചിട്ടില്ലെന്നും ( ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല) കെട്ടിട നിർമ്മാണം പുരോഗമിക്കുന്നതായും മേൽ നടപടികൾ സ്വീകരിയ്ക്കുന്നതിന് 10.04.2015 ൽ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചു. ചീഫ് ടൗൺ പ്ലാനറിൽ നിന്നും അനുമതി ലഭ്യമാകാതേയും ഗ്രാമപഞ്ചായത്ത് നിർമ്മാണാനുമതി നൽകാതേയും കെട്ടിടനിർമ്മാണം നടക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടും പഞ്ചായത്ത് അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചില്ല.

4. കേരള ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് 23.9.15 ൽ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭ്യമായതായി കാണുന്നില്ല.

5. സ.ഉ(സാധാ) 3354/2015/16.11.2015 ഉത്തരവിലൂടെ കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോപ്പറേഷന്റെ കോഴിത്തീറ്റ നിർമ്മാണ യൂണിറ്റിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 59(5), 59(7) എന്നീ ചട്ടങ്ങളിൽ ഇളവ് നൽകി. ടി സർക്കാർ ഉത്തരവ്, ബഹു. കൊടുങ്ങല്ലൂർ എം.എൽ.എ.യുടെ ഫോൺ നിർദ്ദേശം, ടോയ് ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാമെന്ന സ്ഥാപനത്തിന്റെ ഉറപ്പ് എന്നിവയിന്മേലും, സ്ഥാപനം പൊതുമേഖല സ്ഥാപനം ആയതിനാലും താല്ക്കാലിക നമ്പർ അനുവദിയ്ക്കാനുള്ള തീരുമാനം സെക്രട്ടറി 9.12.15ന് സ്ഥാപനത്തെ അറിയിച്ചതായി കാണുന്നു. കാലിത്തീറ്റ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്ക് പണിതിട്ടുള്ള കെട്ടിടങ്ങൾ ( 6132.68 m2) 15.12.2015ൽ ഗ്രാമപഞ്ചായത്ത് റഗുലറൈസ് ചെയ്ത് കെട്ടിടനമ്പർ നൽകിയിരിക്കുന്നു. എന്നാൽ ടോയ് ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മേൽ അപാകതകളുണ്ടായിരുന്നിട്ടും ഗ്രാമപഞ്ചായത്ത് ടി സ്ഥാപനം റഗുലറൈസ് ചെയ്ത് കെട്ടിടനമ്പർ നൽകി. ആയതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.



## **2-4** ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് റിസർച്ച് ഇൻസ്റ്റിട്യൂട്ട് നിർമ്മാണം

പഞ്ചായത്ത് ലീസിന് നൽകിയ കാക്കുള്ളിശ്ശേരി വില്ലേജ് സർവ്വെ നമ്പർ 247/1,249/4ൽ ഉൾപ്പെട്ട സ്ഥലത്ത് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് റിസർച്ച് ഇൻസ്റ്റിട്യൂട്ട് നിർമ്മാണം നടക്കുന്നതായി ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. (ചിത്രം ചുവടെ ചേർക്കുന്നു). ടി സ്ഥാപനം പണിയുന്നതിന് പഞ്ചായത്ത് നിർമ്മാണാനുമതി നൽകിയിട്ടില്ല. എന്നാൽ അനധികൃത നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചില്ല.

സ്ഥാപനത്തിന് നിർമ്മാണാനുമതി നൽകിയിട്ടില്ലെന്നും എന്നാൽ നിർമ്മാണ പ്രവൃത്തി നടക്കുന്നുണ്ടെന്നും ഓഡിറ്റ് അന്വേഷണം 13/12.01.17 ന് മറുപടി ലഭിച്ചു. പഞ്ചായത്ത് ലീസിന് നൽകിയ സ്ഥലത്ത് സ്ഥാപനത്തിന്റെ ഫിനിഷിംഗ് വർക്ക് മാത്രമേ നിലവിൽ അവശേഷിക്കുന്നുള്ളൂ എന്നിരിക്കെ അനധികൃത നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് മൗനാനുമതി നൽകിയതായി ഓഡിറ്റ് വീക്ഷിക്കുന്നു. ടി അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.




## 2-5 പഞ്ചായത്തിൽ അനധികൃത ഫാം പ്രവർത്തിക്കുന്നു

കാക്കുള്ളിശ്ശേരി വില്ലേജ് 816/1 സർവ്വെ നമ്പറിൽ പണികഴിപ്പിച്ച 469.17 $m^2$ cattle shed റഗുലറൈസ് ചെയ്യുന്നതിന് ജിജി കുമാർ, കുന്നത്തോട്ടത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിൽ 19.8.2015 ന് അപേക്ഷ സമർപ്പിച്ചു. എന്നാൽ പ്രസ്തുത സ്ഥലം കൈവശ സർട്ടിഫിക്കറ്റിൽ 'നിലം' ആയതിനാൽ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം സെക്രട്ടറി 26.08.2015 ന് കക്ഷിയെ അറിയിച്ചു. തുടർന്ന് ടിയാൻ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ WP(C) 6950/16p / 25.02.16 നമ്പറായി കേസ് ഫയൽ ചെയ്തു .

ഈ വിഷയത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 7/11.1.2017) സ്ഥാപനം ലൈസൻസില്ലാതെ ചെറിയ തോതിൽ പ്രവർത്തിയ്ക്കുന്നുണ്ടെന്നും ടി വിഷയത്തിൽ കേസ് നിലനിൽക്കുന്നതിനാൽ ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല എന്നും മറുപടി ലഭിച്ചു. കോടതി വിധി ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എ.എ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

## 2-6 അനധികൃത മൾട്ടി പർപ്പസ് ഫാം -

തിരുമുക്കുളം വില്ലേജ് 572/1 സർവ്വെ നമ്പറിൽ പണികഴിപ്പിച്ച 284 $m^2$ മൾട്ടി പർപ്പസ് ഫാം റഗുലറൈസ് ചെയ്യുന്നതിന് സജീവ് ആന്റണി, അയിനിക്കൽ, കുഴൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ പ്രസ്തുത സ്ഥലം കൈവശ സർട്ടിഫിക്കറ്റിൽ 'നിലം' ആയതിനാൽ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല

എന്ന വിവരം സെക്രട്ടറി 27.11.2015 ന് കക്ഷിയെ അറിയിച്ചതായി കാണുന്നു. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് എതിരെ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ടി സ്ഥാപനത്തിനെതിരെ നടപടി സ്വീകരിയ്ക്കേണ്ടതും കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എ.എ (1)പ്രകാരം വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 2-7 നിലം നികത്തുഭൂമിയിൽ വ്യവസായ സ്ഥാപനത്തിന് നിർമ്മാണാനുമതി

റവന്യൂ രേഖകളിൽ 'നിലം' ആയ കാക്കുളിശ്ശേരി വില്ലേജ് 524/2 സർവ്വെ നമ്പറിൽ ഗ്രൂപ്പ് G1 ഫർണ്ണീച്ചർ വർക്ക് ഷോപ്പ് ( 31.56 $m^2$ ) നിർമ്മിക്കുന്നതിന് ബഹു.ഹൈക്കോടതിയുടെ WP(C) 21003/2015/ 20.7.15ലെ ഉത്തരവിനെ തുടർന്ന് 5.10.2015 ന് ഗ്രാമപഞ്ചായത്ത് നിർമ്മാണാനുമതി നൽകി. ഈ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) 12.8.2008 ൽ പ്രാബല്യത്തിൽ വന്ന നെൽവയൽ നീർത്തട തണ്ണീർത്തട സംരക്ഷണ നിയമം, നിലം നികത്ത് ഭൂമിയിൽ മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്ത കുടുംബത്തിന് മാത്രമേ അനുമതി നൽകാവൂ എന്നും ആയതിന് 300 ച.മി.ലധികം വിസ്തീർണ്ണം പാടില്ലാത്തതാണെന്നും 59655/ആർ.എ.1/08/തസ്വഭവ. /23.9.2008 നമ്പർ സർക്കുലറിലൂടെ സർക്കാർ വ്യക്തമാക്കുന്നുണ്ട്.

2) ഈ കേസിൽ റസ്പോൺഡന്റായ ഗ്രാമപഞ്ചായത്ത്/ സെക്രട്ടറി exhibits ഒന്നും ഹാജരാക്കുകയുണ്ടായില്ല.

കേസിന് ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-8 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണ്.

കുഴൂർ ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് UA നമ്പർ നൽകുകയോ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എ.എ പ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വില്ലേജ്/സർവ്വെനമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം $m^2$ |
|---|---|---|
| തിരുവാങ്കുളം / 413/1 | സിയോൺ ഫാമിലി യൂണിറ്റ്, കുണ്ടൂർ | 28.86 |
| തിരുവാങ്കുളം / 738/2 | അനിൽകുമാർ<br>മുളവരവീട്<br>കുഴൂർ | 34.73<br>(extension) |
| തിരുവാങ്കുളം /703/4 | റോസി വർഗ്ഗീസ്സ്<br>കല്ലുക്കാരൻ വീട്<br>കുഴൂർ | 47.91 |
| കാക്കുളിശ്ശേരി/364/2 | സുബിജ്<br>വലിയോളിപറമ്പിൽ<br>കുണ്ടൂർ | 41.14 |

ഇത്തരം കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി വാർഡുകൾ തിരിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതും കെട്ടിടം അധികൃതമാക്കുന്നതുവരെയോ പൊളിച്ചുമാറ്റുന്നതു വരെയോ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എ.എ (1)പ്രകാരം വസ്തുനികുതി ഈടാക്കേണ്ടതും നിയമാനുസൃത നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

## 2-9 വസ്തു നികുതി കുറവ് ഈടാക്കി.

സർക്കാർ ഉത്തരവ് നം. 19/11/ത.സ്വ.ഭ.വ. തി. 14.01.2011 പ്രകാരം 100ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റ്,ഗോഡൗൺ എന്നിവയ്ക്ക് പഞ്ചായത്ത് നിശ്ചയിച്ച നികുതി ഒരു ച.മീറ്ററിന് 50/- രൂപയാണ്. എന്നാൽ കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള 278.31 m2 വിസ്തീർണ്ണമുള്ള കാന്റീനിന് ഒരു ച.മീറ്ററിന് 30/ രൂപ വീതം രശീത് നം 11502900027 /15.12.15 പ്രകാരം 9645/- (9185+460)രൂപയാണ് ഈടാക്കിയിട്ടുള്ളത്. കാന്റീൻ കെട്ടിടത്തിന്റെ (കെട്ടിട നമ്പർ II/176A) വസ്തു നികുതി കണക്കാക്കിയതിൽ കുറവ് വന്നതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വിശദവിവരം | ഈടാക്കേണ്ടത് | ഈടാക്കിയത് |
|---|---|---|
| 278.31 ച.മീ.<br>(താഴത്തെ നില 153.76<br>ഫസ്റ്റ് ഫ്ലോർ 124.55) | 278.31x50=13916 | 278.31x30=8350 |
| ദ്വിതീയം 10% ഇളവ് | 1392 | 835 |
| പി.ഡബ്ളിയു.റോഡ് 20% കൂടുതൽ | 2783 | 1670 |
| ആകെ | 15307 | 9185 |
| കുറവ് ഈടാക്കിയത് | 6122+306<br>(ലൈബ്രറിസെസ്സ്) | |

കുറവ് തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ പദ്ധതികൾ-പൊതു അപാകതകൾ

2015-16 വർഷത്തിൽ 57 പദ്ധതികൾ ഉണ്ടായിരുന്നതിൽ 54 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 1,44,02,213/- രൂപ വകയരുത്തിയതിൽ 31-3-2016 വരെ 1,37,04,036/- രൂപ ചെലവഴിച്ചിട്ടുണ്ട്. 6,98,177/- രൂപ ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കുവാൻ ബാക്കിനിൽക്കുന്നുണ്ട്. പദ്ധതികളുടെ പരിശോധനയിൽ കണ്ട പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1.ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

ഫയലിൽ നിന്ന് എന്തെങ്കിലും രേഖകൾ നഷ്ടപ്പെട്ടാൽ /എടുത്തുമാറ്റിയാൽ അറിയാനോ/കണ്ടുപിടിക്കുവാനോ കഴിയാത്ത രീതിയിലാണ് നിലവിലുള്ള ഫയൽ സൂക്ഷിപ്പ് രീതി. ഇത് ശരിയായ നടപടിക്രമമല്ല. ഫയൽ പേജുകളിൽ ക്രമമായി നമ്പരിട്ട് സൂക്ഷിക്കുന്ന സംവിധാനം

അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

2.പ്രവൃത്തികളുടെ തുടർ പ്രവർത്തനങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തുമായും, കോൺട്രാക്ടർ എന്നിവരുമായുള്ള കത്തിടപാടുകൾ മറ്റ് തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിക്കുന്നില്ല. അതിനാൽ തുടർച്ചയില്ലാത്ത രീതിയിലാണ് നിലവിലെ ഫയൽ സൂക്ഷിപ്പ് സംവിധാനം. ഫയലിനോടൊപ്പം നോട്ട് ഫയൽ സൂക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കിയാൽ ഇത് പരിഹരിക്കാവുന്നതാണ്.

3. പദ്ധതികളുടെ വിശദാംശങ്ങളൊന്നും പ്രോജക്ട് റിപ്പോർട്ടിൽ രേഖപെടുത്തുന്നില്ല.

പദ്ധതികളുടെ വിശദാംശങ്ങളൊന്നും ഓഡിറ്റ് വർഷത്തിൽ പരിശോധിച്ച പ്രോജക്ട് റിപ്പോർട്ടുകളിൽ രേഖപെടുത്തിയിട്ടില്ല. ഇത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്.

4. കരാർ ചമക്കുന്നതിലെ അപാകതകൾ.

പ്രവൃത്തി അവസാനിക്കേണ്ട തിയ്യതി കൃത്യമായി കരാറിൽ രേഖപ്പെടുത്തുന്നില്ല. ഇതിന് പകരം മിക്കവാറും എല്ലാ പദ്ധതികളുടെയും സമയം 6 മാസം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒന്നും രണ്ടും മാസങ്ങൾകൊണ്ട് പൂർത്തികരിക്കുവാൻ കഴിയുന്ന പദ്ധതികൾക്കായി ആറു മാസം കാലാവധിയായി നല്കിയിട്ടുണ്ട്. 18-9-1997 ലെ ഉത്തരവ് 84/97/PW&T പ്രകാരം കരാർ തിയ്യതിക്ക് പണി അവസാനിച്ചില്ലെങ്കിൽ നിയമാനുസരണം 20% സമയം ഗ്രേസ് പിരീഡ് നൽകി ബാക്കി വരുന്ന വൈകിയ സമയത്തിന് ആദ്യ 3 മാസത്തിന് അംഗീകരിച്ച PACയുടെ 1% തുകയും തുടർന്നുള്ള മുമ്മൂന്ന് മാസങ്ങൾക്ക് 2% തുകയും പിഴയായി ഈടാക്കേണ്ടതാണ്. ഈ നിയമ വ്യവസ്ഥ ഒഴിവാക്കുന്നതിന് ബോധപൂർവ്വ ശ്രമം നടന്നതായി കാണുന്നു.

5. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നിലവിലെ അസറ്റ് രജിസ്റ്ററിലുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികളാണോ അല്ലയോ എന്നത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

6. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും പ്രകാരം പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ അംഗങ്ങളും പഞ്ചായത്ത് ഭരണാധികാരികൾതന്നെയാണ്. ആയതിനാൽ പഞ്ചാത്ത് ഭരണാധികാരികൾ അംഗീകരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഭരണാധികാരികൾതന്നെ മോണിറ്റർ ചെയ്യുന്ന നിലവിലെ രീതി ശരിയല്ല. നിർവ്വഹണ ഉദ്യോഗസ്ഥതന്നെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്ന നിലവിലുള്ള രീതിയും ഒഴിവാക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതികൾ ഗ്രാമസഭ മുഖേന പ്രത്യേകമായി തെരഞ്ഞെടുക്കുകയോ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഭരണാധികാരികൾ ആയവരെ ഒഴിവാക്കി പ്രത്യേകമായി മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. നടപ്പിലാക്കിയ 54 പദ്ധതികളിൽ 52 പദ്ധതികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഇതിൽ 49 പദ്ധതികൾ 2പേർ വീതം പങ്കെടുത്തവയും 3പദ്ധതികളിൽ മാത്രമാണ് 3പേർ വീതം പങ്കെടുത്തത്. 52 പദ്ധതികളിൽ 13 എണ്ണം M.P.സേവ്യർ, 13 എണ്ണം N.Dജോൺസൺ, 7 എണ്ണം, V.K.നാരായണൻ 7, T.K.ജയൻ 7, M.A.അഭിജിത്ത് 6 പദ്ധതികളും, K.A.ആൻറണി 5 പദ്ധതികളും, സാലി 1പദ്ധതിയുമാണ് ചെയ്തിട്ടുള്ളത്. കോൺട്രാക്ടർമാരുടെ ഇടയിൽ പരസ്പര ധാരണയിൽ രൂപപ്പെട്ട ഒരു കൂട്ടുകെട്ട് പ്രവർത്തിക്കുന്നതായി സംശയിക്കാവുന്ന രീതിയിലാണ് കാര്യങ്ങൾ നടന്നിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിക്കും നിർവ്വഹണ ഉദ്യോഗസ്ഥക്കും ഈ കാര്യത്തിൽ ജാഗ്രതകുറവ് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകത ഒഴിവാക്കുന്നതിനായി E-Tender ചെയ്യുന്നതായിരിക്കും പഞ്ചായത്തിന് ഗുണകരം.

## 3-2 കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ പരിശോധനയിൽ കാലാവധികഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.എന്നാൽ കെ .എഫ്.സി.ആർട്ടിക്കിൾ 287 പ്രകാരം കരാറിന്റെഭാഗമായി നടത്തുന്ന സുരക്ഷിത നിക്ഷേപം, പ്രവൃത്തി അവസാനിച്ച് ഇതിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ് കഴിഞ്ഞ് 3വർഷം കഴിഞ്ഞാൽ ലാപ് സ്ഡ് ഡെപ്പോസിറ്റാകും. ഇത്തരം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| വർഷം | പേര് | FDRന്റെ വിശദാംശങ്ങൾ | തുക | പിരീഡ് |
|---|---|---|---|---|
| 2011-12 | വി.എ. തോമസ് | 1250 തി.31-10-2011 ITSCB,Iranikulam | 7050/- | 31-10-2011to 30-11-2012 |
| 2011-12 | വി.എ. തോമസ് | 1246 തി.31-10-2011 ITSCB,Iranikulam | 6250/- | 31-10-2011to 30-11-2012 |
| 2011-12 | വി.എ. തോമസ് | 844 തി.1-3-2008 ITSCB,Iranikulam | 150/- | 1-3-2008to 19-11-2009 |
| 2011-12 | പി.ജെ.പൗലോസ് | 66438 തി.9-12-2012 KSCB, Kuzhur | 1000/- | 8-12-2011to 8-12-2012 |
| 2011-12 | പി.ജെ.പൗലോസ് | 65115 തി.31-10-2011, KSCB, Kuzhur | 2000/- | 31-10-2011to 30-10-2012 |
| 2010-2011 | പി.ജെ.പൗലോസ് | 65956 തി.25-11-2011, KSCB, Kuzhur | 3600/- | 25-11-2011 to 25-5-2012 |

## 3-3 കൈമുക്ക് ലിഫ്റ്റ് ഇറിഗേഷൻപൈപ്പ് ലൈൻ നീട്ടൽ

പ്രോജക്ട് നം 138/2016

എസ്റ്റിമേറ്റ് -പദ്ധതി വിഹിതം -2,27,283/-

ഗുണഭോക്തൃ വിഹിതം- 22,738/-

ആകെ -2,50,121/-

പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയുടെ ഭാഗമായി ബിൽ നം.38/2015-16 തിയതി. 29.03.16 പ്രകാരം 2,20,051/- ചെലവഴിച്ചതായി കാണുന്നു. അളവ് പുസ്തകം 479/1 പേജ് 29, ബിൽ എന്നിവ പ്രകാരം ആകെ പ്രവൃത്തിയുടെ മൂല്യം 2,44,501/- രൂപയാണ്. ബിൽ പ്രകാരം 2,44,501/-രൂപയിൽ നിന്ന് ഗുണഭോക്തൃ വിഹിതം. 24,450/-രൂപ കുറച്ചതിന് ശേഷം ബാക്കി 2,20,051/-രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം കരാറുകാരനിൽ നിന്ന് കുറവ് ചെയ്യുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-4 മാരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

1. G.O.(P) NO 84/97/PW&T തിയ്യതി 19-8-1997 പ്രകാരം കരാറുകാരന് കരാർ അനുസരിച്ച് അനുവദനീയമായ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, കാലതാമസം കോൺട്രാക്ടറുടേതായ കാരണത്താൽ അല്ലെങ്കിൽ കരാർ കാലയളവിന്റെ 20% സമയം ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതാണ്. ഇത് കഴിഞ്ഞുള്ള കാലതാമസത്തിന് കരാർ തുകയുടെ 1%വും തുടർന്നുവരുന്ന 3

മാസങ്ങൾക്ക് 2%വീതവും പിഴ ഈടാക്കാണ്ടതാണ്. ഇത്തരത്തിൽ പിഴ ഈടാക്കാത്തതിനാൽ ഓഡിറ്റ് വർഷത്തിൽ 6332/-രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഇത് ബന്ധപെട്ടവരിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതാണ്. ഈ കാര്യത്തിൽ എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ അടിയന്തിരമായി നൽകേണ്ടതാണ്.

| ക്രമനം | മരാമത്ത് പണിയുടെപേര്, കോൺട്രാക്ടർ / കൺവീനറുടെ പേര് | എസ്റ്റിമേറ്റ്/ കരാർ തുക | സെലക്ഷൻ നോട്ടിസ്/ കരാർ തിയ്യതി | കരാർ കാലാവധി/ പണി പൂർത്തിയായ തിയ്യതി | കരാർ പ്രകാരമുള്ള തിയ്യതി/ അധികമുപ യോഗിച്ച സമയം | പിഴ APACയുടെ 1+2% മിനിമം 1000/- | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1. | കുണ്ടൂർ ഗവ. സ്കൂളിന് പുതിയ ഗേറ്റ് T.K.ജയൻ | 50, 000/ 50, 000 | 30-9-15/31-8-15 | 4 മാസം 21-3-16 | 2-2-16 49 ദിവസം | 544/- | എസ്റ്റിമേറ്റ്റേറ്റ് ബിൽ79/15-16 =48,784/- |
| 2 | വെറ്റിനറി ഡിസ്പൻസറി അറ്റകുറ്റപ്പണി T.K.ജയൻ | 3,00,000/ 3,00,000 | 30-9-15/ 3-10-15 | 4 മാസം 9-3-16 | 2-2-16 36ദിവസം | 1200/- | എസ്റ്റിമേറ്റ്റേറ്റ് ബിൽ41/15-16= 2,56,774/- |
| 3 | വെറ്റിനറി ഡിസ്പൻസറി, കാക്കളിശ്ശേരി അറ്റകുറ്റപ്പണി T.K.ജയൻ | 3,00,000/ 3,00,000 | 30-9-15/ 3-10-15 | 4 മാസം 16-3-16 | 2-2-16 41ദിവസം | 1367/- | എസ്റ്റിമേറ്റ്റേറ്റ് ബിൽ42/15-16= 2,74,857/- |
| 4 | അംഗൻവാടി അറ്റകുറ്റപ്പണി M.P.സേവ്യർ | 2,27,233/ 2,27,233 | 3-10-15/ 3-10-115 | 4 മാസം/ 26-3-16 | 2-2-16 53ദിവസം | 1338/- | എസ്റ്റിമേറ്റ്റേറ്റ് ബിൽ58/15-16= 2,17,841/- |
| 5 | കൊച്ചുകടവ് ഇന്ദിരാജി ഷെൽട്ടർ പുനരുദ്ധാരണം M.P.സേവ്യർ | 1,50,000/ 1,50,000 | 30-9-15/ 3-10-15 | 4മാസം 21-3-16 | 29-1-16 53ദിവസം | 883/- | എസ്റ്റിമേറ്റ്റേറ്റ് ബിൽ52/15-16= 1,16,032/- |
| 6 | തിരുമുക്കളം ഹെൽത്ത് സെന്റർ പുനരുദ്ധാരണം K.A.ആന്റണി | 1,50,000/ 1,50,000 | 1-10-15/ 1-10-15 | 4മാസം 31-3-16 | 31-1-16 60ദിവസം | 1,000/- | എസ്റ്റിമേറ്റ്റേറ്റ് ബിൽ61/15-16= 1,09,637/- |
| ആകെ | | | | | | 6332/- | |

## 3-5 ഐ.എ.വൈ.എസ്.സി.പി.പൂർത്തീകരണ സാക്ഷ്യപത്രം

ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം.139/16

ബിൽ നം. തി. 65/31.03.16.തുക 179000/-
നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം 35 ഗുണഭോക്താക്കളുടെ വിഹിതമായി 179000/- രൂപ ഡിഡി നം. 484719/31.03.16 പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 179000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മീഡിയശ്രീ - വിനിയോഗവിവരം ലഭ്യമല്ല.

പ്രോജക്റ്റ് നം.79/16

ബിൽ നം. തി. 33/30.11.15 തുക 65000/-

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

കുടുംബശ്രീ ദാരിദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എക്സിക്യൂട്ടീവ് ഡറക്ടറുടെ KSK_ 6260/14 dt.21.03.15 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്ന ആവശ്യത്തിലേക്ക് സംഭാവന ചെയ്യുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിഡി നം.482932/01.12.15 പ്രകാരം 65000/-രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ രസീത്, വിനിയോഗവിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 65000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പാലിയേറ്റീവ് കെയർ- മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. അധികം നൽകിയ തുക ഈടാക്കണം.

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടപ്പാക്കിയ SO 1/16 സാന്ത്വന പരിചരണ പദ്ധതിക്ക് ആകെ 2,92,235/- രൂപ തൻ വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മരുന്നുവാങ്ങുന്നതിന് 44,700/- രൂപയും, ഉപകരണങ്ങൾ വാങ്ങുന്നതിന് 27,940/- രൂപയും അടക്കം ആകെ 72,640/- രൂപ ഡി.ഡി നം. 484389/23.3.16 പ്രകാരം കെ.എം.സി.എൽ.ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 18,568/- രൂപയുടെ മരുന്നുകളും 5,508/- രൂപയുടെ ഉപകരണങ്ങളും ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. മേൽ പ്രകാരം വാങ്ങൽ നടത്തുന്നതിന് മുന്നോടിയായി ടി സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. കെ.എം.എസ്.സി.എൽ.ൽ നിന്നും ലഭിക്കാനുള്ള മരുന്നുകളും ഉപകരണങ്ങളും എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

29.10.15ലെ ജി.ഒ.(ആർ.ടി)3217/2015 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 2.6.3.3പ്രകാരം ഹോം കെയർ ദിനങ്ങളിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ആവശ്യമായി വരുന്ന ഭക്ഷണചെലവ് (പരമാവധി മൂന്നു പേർക്ക്) പ്രതിദിനം 60 രൂപാ നിരക്കിൽ അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 29.10.15മുതൽ 31.12.16 വരെ 14 ഹോം കെയർ ദിവസങ്ങൾക്ക് 180 രൂപാ നിരക്കിൽ പരമാവധി അനുവദിക്കാവുന്നത് 2520 രൂപയാണ്. എന്നാൽ മേൽ കാലയളവിൽ പ്രതിദിനം 300 രൂപ നിരക്കിൽ 4200 രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി 1680 രൂപ നൽയിട്ടുണ്ട്. ആയത് ഉത്തരവാദികളിൽ നിന്നും തിരികെ

ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-8 വി.ഇ.ഒ. നടപ്പാക്കിയ വിവിധ പദ്ധതികൾ- ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ തുക നൽകിയത്. രേഖകൾ ഹാജരാക്കാൻ നടപടി സ്വീകരിക്കണം.

1. വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ SO 82/16 പദ്ധതി പ്രകാരം എസ്.സി.ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങിയതിന് രണ്ട് പേർക്കായി 2,25,000/- രൂപാ നിരക്കിൽ 4,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി നിരക്ക് പ്രകാരം തുക നൽകുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ്, ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ കോപ്പി/ഗുണഭോക്താക്കൾ മൂന്ന വർഷമായി പഞ്ചായത്തിൽ സ്ഥിര താമസക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ നിലവിൽ താമസിക്കുന്ന വീടിന്റെ ഫോട്ടോ തുടങ്ങിയ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

2. SO 86/16 കിണർ നിർമ്മാണം പദ്ധതിയിൽ മൂന്ന ഗുണഭോക്താക്കൾക്ക് 17,000/-രൂപ നിരക്കിൽ 51,000/- നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് കിണർ നിർമ്മാണത്തിനായി പെർമിറ്റ് എടുത്തതിന്റെ വിവരങ്ങൾ, റേഷൻകാർഡിന്റെ പകർപ്പ്, കിണർ നിർമ്മിച്ചതിന്റെ ഫോട്ടോ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. SO 76/16 വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾക്കായി 5,50,000/-രൂപ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ്, വിവാഹ ചെലവിന്റെ വൗച്ചറുകൾ, എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. മാത്രമല്ല അപേക്ഷകളിൽ ഒന്നിലും അപേക്ഷാ തിയതി രേഖപ്പെടുത്തിയിട്ടില്ല. വിവാഹ ധനസഹായത്തിനുള്ള അപേക്ഷകൾ വിവാഹത്തിന് ഒരുമാസം മുൻപോ വിവാഹ തിയതിക്ക് ശേഷം ആറുമാസത്തിനുള്ളിലോ സമർപ്പിക്കുന്നതിനും അല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. 2015 മാർച്ച് മാസത്തിൽ നടന്ന വിവാഹങ്ങൾക്കുവരെ ധനസഹായം അനുവദിച്ചതായി കണ്ടു. വിവാഹ ധനസഹായത്തിന് അർഹരായ ഗുണഭോക്താക്കളുടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. SO 111/16 (സ്പിൽ ഓവർ) 48,000/-രൂപയും SO 135/16 പദ്ധതി പ്രകാരം 2,00,000/-രൂപയും സാനിറ്ററി യൂണിറ്റ് നിർമ്മാണത്തിന് തൻവർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ റേഷൻ കാർഡിന്റെ കോപ്പി, പൊസഷൻ സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ സാനിറ്ററി യൂണിറ്റ് നിർമ്മിച്ചതിന്റെ വാല്യുവേഷൻ, എസ്റ്റിമേറ്റ്, ഫോട്ടോ എന്നിവ ഇല്ല.

5. വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ SO 113/16 പ്രോജക്ട് പ്രകാരം വീട് അറ്റകുറ്റപണികൾക്കായി 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയും പ്രകാരം അപാകതകൾ കാണുന്നു.

പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12വർഷം പൂർത്തിയാക്കിയവർക്ക് മാത്രമേ പുതിയ ഭവനത്തിന് അർഹതയുള്ളൂ. ആയത് പരിശോധിക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ കാലപഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചിട്ടില്ല.

എൽ.എസ്.ജി.ഡി. ഓവർസീയറുടെ വാല്വേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

മതിയായ രേഖകളോടുകൂടി സമർപ്പിക്കുന്ന അപേക്ഷകൾക്ക് മാത്രം ധനസഹായം അനുവദിക്കേണ്ടതും,

അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ല എന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 3-9 വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ- രേഖകൾ ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

SO 83/16 വിദേശത്തു പോകുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ശ്രീ.രാഹുൽ, മാരിക്കൽ വീട്, കുണ്ടൂർ എന്നയാൾക്ക് ധനസഹായമായി 50,000/-രൂപ ഡി.ഡി. നം. 484141തി.31.3.16 പ്രകാരം നൽകിയിട്ടുണ്ട്.

പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും, ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 10,000/- രൂപയും യഥാർത്ഥ ടിക്കറ്റ് ചാർജ്ജും നൽകാമെന്ന് 16.11.13 ലെ സ.ഉ(എം.എസ്)362/13ത.സ്വ.ഭ.വ. ഉത്തരവ് (പുതുക്കിയ പദ്ധതി രേഖാ മാർഗ്ഗനിർദ്ദേശങ്ങൾ) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 19.6.15ലെ സ.ഉ(ആർ.ടി)നം. 1827/15ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇത്തരത്തിൽ നൽകാവുന്ന തുക 50,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. 2015-16ൽ കുഴൂർ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ഈ പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളിൽ നിന്ന് ആവശ്യമായ മുഴവൻ രേഖകളും ലഭ്യമാക്കാതെയാണ് തുകനൽകിയതായി കാണുന്നത്. ലഭ്യമാക്കേണ്ട രേഖകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്,വിലാസം | വരുമാനം | വിദേശ രാജ്യം | നൽകിയ തുക | കുറിപ്പുകൾ |
|---|---|---|---|---|---|
| | ശ്രീ.രാഹുൽ, മാരിക്കൽ വീട്, കുണ്ടൂർ | ലഭ്യമല്ല. | സൗദി അറേബ്യ | 50,000/- | തൊഴിൽ വിസ, റേഷൻകാർഡിന്റെ കോപ്പി യഥാർത്ഥ ടിക്കറ്റിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇല്ല. |
| | | | | 50,000/- | |

മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - പദ്ധതി അപാകതകൾ

പ്രോജക്റ്റ് നം. 78/16

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ ആയുർവ്വേദം

തൻ വർഷം രണ്ടു തവണയായി ആകെ 500000/- (150000+350000)രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഔഷധി) ഹാജരാക്കിയ ഇൻവോയ്സ് പരിശോധിച്ചതിൽ താഴെ പറയുന്ന മരുന്നുകൾ ഇൻവോയ്സിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം. തിയ്യതി,തുക | ഇൻവോയ്സ് നം., തിയ്യതി, ക്രമ നം. | ഇനം | റിമാർക്സ് |
|---|---|---|---|---|
| 1 | 01/23.07.15 150000/- | 2353/30.09.15, തുക -13244 (1) | മിസി ചൂർണ്ണം | 500g വീതമുള്ള 3 പാക്കറ്റ് @154- 462/- |
| 2 | 03/17.12.15 350000/- | 4844/31.01.16 തുക-144939(25) | ലോഹാസവം | 450 ml വീതമുള്ള 96 എണ്ണം@44- 4224/- |

മേൽ പ്രസ്താവിച്ച മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിലും ആയവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ആയത് ഹാജരാക്കുന്നതുവരെ ചെലവഴിച്ച 4686/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 കന്നുക്കുട്ടി പരിപാലനം മാർഗ്ഗരേഖ പാലിക്കുന്നില്ല.

ട്രഷറി ബിൽ നം.1/2015 dtd.27.10.15.₹312500/

ഡി.ഡി. നം.482690 dtd.27.10.15. ₹312500/

മാർഗ്ഗരേഖ: GO(MS) 11/2001/മൃഗസംരക്ഷണം 20.1.01.)

50 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനായി മേൽ ഡി.ഡി.പ്രകാരമുള്ള തുക SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുള്ളതാണ്. എരവത്തൂർ ക്ഷീര സംഘം വഴി 50 ഗുണഭോക്താക്കൾക്ക് 26.11.2015 മുതൽ കാലിത്തീറ്റ നല്കി വരുന്നു. കാലിത്തീറ്റ രജിസ്റ്റർ പരിശോധിച്ചതിൽ ഏകദേശം13 ഗുണഭോക്താക്കൾ ചില മാസങ്ങളിൽ കാലിതീറ്റ വാങ്ങിയിട്ടില്ല. വിതരണ രജിസ്റ്ററിൽ കന്നുകട്ടിയെ സംബന്ധിച്ചുള്ള വിവരങ്ങൾ പൂർത്തികരിച്ചിട്ടില്ല.

പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ഫീൽഡ് ലെവൽ ഇംപ്ലിമെന്റിംഗ് ഓഫിസർ കൺവീനറുമായ അഞ്ചംഗ കമ്മിറ്റിയാണ് സൊസൈറ്റികളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നത്. വ്യാപകമായ പ്രചാരണം നൽകി അപേക്ഷ സ്വീകരിക്കേണ്ടതും ഗുണഭോക്താക്കൾ കാലി വളർത്തലിൽ പരിചയമുള്ളവരും 10% പട്ടിക ജാതിക്കാരുമായിരിക്കണം, വിധവകൾ, അഭ്യസ്ഥ വിദ്യരായ തൊഴിൽ രഹിതർ ജവാൻമാരുടെ ആശ്രിതർ എന്നിവർക്ക് മുൻഗണന നൽകേണ്ടതാണ്.

ഫീൽഡ് ലെവൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന അനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാതല

ഉദ്യോഗസ്ഥൻ സൊസൈറ്റികൾക്ക് ഇൻഡന്റ് നൽകി തീറ്റ ലഭ്യമാക്കേണ്ടതാണ്. ഇതിന്റെ സ്റ്റോക്ക്, വിതരണം തുടങ്ങിയവയുടെ രേഖകൾ സംഘം സൂക്ഷിക്കേണ്ടതാണ്, ഫീൽഡ് ലെവൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇത് പരിശോധിച്ച് പ്രതിമാസ പുരോഗതി പത്രിക ജില്ലാതല ഓഫീസർക്ക് നൽകണം.

കന്നുകുട്ടി പരിപാലനം മാർഗ്ഗരേഖ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ പാലിച്ചിട്ടില്ല. താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപേക്ഷകൾ, ഫീൽഡ് ലെവൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന പ്രതിമാസ പുരോഗതി പത്രികയുടെ പകർപ്പ്, സബ്സീഡിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച തുകയുടെ നാളിതുവരെയുള്ള വിനിയോഗ സർട്ടിഫിക്കറ്റ്, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ. സ.ഉ.(എം.എസ്) നം.362/2013 ത.സ്വ.ഭ.വ. തിയതി. 16.11.2013 അനുബന്ധം 16 ഖ.3-2-8 പ്രകാരമുള്ളത് ഹാജരാക്കിയിട്ടില്ല.

കുടുംബവാർഷിക വരുമാനം, നാമമാത്ര കർഷകരാണെന്നുള്ള നിർവ്വഹണ ഉദ്യോഹസ്ഥന്റെ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 312500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 മഹിള കിസ്സാൻ സശാക്തീകരണ പര്യായോജന (MKSP) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ട്രഷറി ബിൽ നം.3/2015-16 dtd.30.1.16. ₹300000/-

ഡി.ഡി.നം. 483596 dtd.1.2.16. ₹300000/-
നിർവ്വഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

മേൽ ട്രഷറി ബിൽ വഴി പിൻവലിച്ച തുക മഹിള കിസ്സാൻ സശാക്തീകരണ പര്യായോജന (MKSP) എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി പഞ്ചായത്ത് വിഹിതമിനത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, MKSP, ഒല്ലൂക്കര, തൃശ്ശൂർ എന്നവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക 300000 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഓട്ടോ വാങ്ങൽ പദ്ധതി തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ SO 106/16 ഓട്ടോ വാങ്ങൽ പദ്ധതി പ്രകാരം ശ്രീ.ശശി.ജി.എസ്. എന്നയാൾക്ക് ആനുകൂല്യം നൽകുന്നതിനായി ഡി.ഡി നം. 484050 പ്രകാരം 50,000/-രൂപ സിൻഡിക്കേറ്റ് ബാങ്ക് മാനേജർക്ക് നൽകിയതായി കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക ബാങ്ക് കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവു തുക 50000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ആശ്രയ പദ്ധതി ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല-റീ വിസിറ്റ് നടത്തി തുടർ സേവന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

അശരണരും അഗതികളുമായ ഗുണഭോക്താക്കളെ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഇവരുടെ അതിജീവന, വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ട ആശ്രയ പദ്ധതി കാര്യക്ഷമമായ മോണിറ്ററിംഗിന്റെ അഭാവം മൂലം ലക്ഷ്യം നേടിയില്ല. പ്രാദേശിക ഭരണകൂടത്തിന്റെ പരിധിയിലുള്ള അഗതി കുടുംബങ്ങളെ

കണ്ടെത്താൻ സർക്കാർ നിർദ്ദേശിച്ച ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിലുൾപ്പെടുത്തുന്നതിന് 91 കുടുംബങ്ങളെ കുഴൂർ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിരുന്നു. പദ്ധതിയുടെ 16.1.10 ലെ സ.ഉ.(എം.എസ്)12/2010 ത.സ്വ.ഭ.വ ഉത്തരവ് പരിചരണ സേവനങ്ങളുടെ മാർഗ്ഗരേഖ ഖണ്ഡിക 4 പ്രകാരം ആശ്രയ പദ്ധതിയുടെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണെന്നും ഉപസമിതി രൂപീകരിച്ച് രണ്ടു മാസത്തിലൊരിക്കൽ പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിനും ഓരോ അയൽക്കൂട്ടവും ഉൾപ്പെടുന്ന ആശ്രയ കുടുംബത്തിന്റെ പ്രോജക്ട് ഘടകങ്ങളുടെ നിർവ്വഹണം വിലയിരുത്തുന്നതിനായി അയൽക്കൂട്ടങ്ങൾ ആശ്രയ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾ പഞ്ചായത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലായെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടു. പദ്ധതി ആരംഭിച്ച് നീണ്ട കാലയളവിനു ശേഷവും ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ പോലും സാക്ഷാത്കരിക്കുന്നതിന് സാധിച്ചിട്ടില്ല. ആശ്രയ ഒന്നാം ഘട്ടം പ്രവർത്തനം അവസാനിച്ച സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ എങ്ങിനെ നിറവേറ്റാമെന്നത് ഭരണസമിതി പരിശോധിക്കേണ്ടതാണ്. ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വ. തിയതി 16.11.13 മാർഗ്ഗ രേഖ ഖണ്ഡിക 8(vii) പ്രകാരം ആശ്രയ പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്നും, ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി വാങ്ങി നൽകാൻ പാടുള്ളൂവെന്നും ഖണ്ഡിക 6.7(1)), ഖണ്ഡിക 6.8 എന്നിവ പ്രകാരം ഭവനരഹിതരും വീടു വെയ്ക്കാൻ ഭൂമിയുള്ളവരുമായ അഗതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ധനസഹായം നൽകാൻ പാടുള്ളൂ എന്നിങ്ങനെ നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത് പാലിക്കാതെയാണ് പ്രൊജക്റ്റുകൾ നടപ്പാക്കുന്നത് എന്ന് താഴെ കാണുന്ന ഗുണഭോക്താക്കളുടെ പരിഹരിക്കപ്പെടാത്ത ആവശ്യങ്ങളുടെ ലിസ്റ്റിൽ നിന്നും വ്യക്തമാണ്. നിലവിൽ രണ്ടു ഘട്ടങ്ങളിലായി ഇനിയും പരിഹരിക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|
| ആകെ കുടുംബങ്ങൾ | 91 | 58 |
| നിലവിലുള്ള കുടുംബങ്ങൾ | 64 | 55 |
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമായവർ | 0 | 1 |
| ലഭിച്ചവർ | 0 | 0 |
| വീട് ആവശ്യമായവർ | 21 | 19 |
| ലഭിച്ചവർ | 11 | 0 |
| വീട് റിപ്പയറിംഗ് ആവശ്യമായവർ | 64 | 29 |
| ലഭിച്ചവർ | 21 | 0 |
| ഭക്ഷണം ആവശ്യമായവർ | 91 | 181 |
| ലഭിച്ചവർ | 91 | 181 |
| ചികിത്സ ആവശ്യമായവർ | 88 | 8 |
| ലഭിച്ചവർ | 88 | 0 |
| വസ്ത്രം ആവശ്യമായവർ | 91 | - |
| ലഭിച്ചവർ | 91 | - |

ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുമ്പ് അതിലും ഉയർന്ന സാമ്പത്തികശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ധനസഹായം നൽകിവരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകേണ്ടതും ആശ്രയ പദ്ധതിയുടെ റീ-വിസിറ്റ് സമയബന്ധിതമായി നടപ്പാക്കി വാർഷിക പദ്ധതി രൂപീകരണ സമയത്ത് ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ആശ്രയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം-നിലവിലെ സ്ഥിതി വ്യക്തമാക്കണം.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ SO 59/16 ആശ്രയ പദ്ധതി പ്രകാരം വകയിരുത്തിയ 2,50,000/- രൂപയിൽ തൻ വർഷത്തിൽ 1,75,000/- രൂപയും, SO 109/16 സ്പിൽ ഓവർ പദ്ധതി പ്രകാരം 1,50,000/- രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സി.ഡി.എസ്. തയ്യാറാക്കിയ ആശ്രയ പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരം ഭവനരഹിതരായ 21 ഗുണഭോക്താക്കൾ ഉള്ളതിൽ 11 പേർ മാത്രമാണ് ഭവന നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് കണ്ടു. അർഹരായ 10 പേർ ഇനിയും ഭവന നിർമ്മാണം നടത്തുവാനുള്ളതായി കാണുന്നു. സ്പിൽ ഓവറായി വകയിരുത്തിയ 1,50,000/-രൂപ രണ്ട് ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡു നൽകുന്നതിനു വേണ്ടി നൽകിയതായി കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

16.11.13 ലെ സ.ഉ.(എം.എസ്)362/13 ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 8. പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ട് നടപ്പാക്കുന്നതിനാവശ്യമായ തുക നിർബന്ധിത വകയിരുത്തൽ നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രോജക്ട് നടപ്പാക്കുന്നതിനായി ആവശ്യമായ തുക വകയിരുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും നിലവിൽ ഭവന നിർമ്മാണം നടത്തുന്ന ആശ്രയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ ഘട്ടങ്ങൾ ഏതൊക്കെയെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആശ്രയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 3-16 മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-സർക്കാർ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി തുകവകയിരുത്തിയില്ല. ജില്ലാ,ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക തൻവർഷത്തിൽ ചെലവഴിച്ചില്ല.

ഹെഡ്മാസ്റ്റർ ജി.യു.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ SO 34/16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർ ഷിപ്പ് പ്രകാരം 3,00,000/-രൂപ വകയിരുത്തിയിരുന്നു. പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 1,50,000/-രൂപ ബിൽ നം. 2/15-16 തിയതി 17.3.16 പ്രകാരം പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 28.1.16 ന് ജില്ലാ പഞ്ചായത്ത് വിഹിതമായി 75,000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1.10.15 ന് 36,000/-രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ടി തുക നിർവ്വഹണ ഉദ്യാഗസ്ഥനായ ഹെഡ്മാസ്റ്റർക്ക് 19.4.16 നാണ് ബാങ്കേഴ്സ് ചെക്ക് നം.972075 പ്രകാരം 1,07,000/-രൂപ കൈമാറിയത്.

പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)362/13.ത.സ്വ.ഭ.വ.തിയതി.

16.11.13ഖണ്ഡിക 8 (iv) പ്രകാരം മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനാവശ്യമായ തുക വികസന ഫണ്ടിൽ നിന്നും നിർബന്ധിത വകയിരുത്തൽ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതു പ്രകാരം തുക വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക 2015-16 വർഷത്തിൽ നൽകാൻ സാധിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം-ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതു മൂലം പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി പരിശോധനയിൽ കണ്ടു. വിവിധ പെൻഷൻ അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നല്കുന്നതിലും അന്വേഷണറിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തിരികെ നൽകുന്നതിലും അപേക്ഷകൾ കമ്മിറ്റി അംഗീകാരത്തിനായി സമർപ്പിക്കുന്നതിലും കാലതാമസമുള്ളതായി പരിശോധയിൽ കണ്ടു. 09.12.2013 ലെ സ.ഉ.(സാധാ) നം.602/13.സാ.നീ.വ പ്രകാരം സാമൂഹ്യ ക്ഷേമ പെൻഷനുകൾക്ക് അപേക്ഷാ തിയതി മുതൽ അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിക്കുന്നതിന്റെ അടുത്തമാസം മുതലാണ് പെൻഷൻ അനുവദിച്ചു കാണുന്നത്. ലഭ്യമായ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തതുമൂലം വളരെയധികം പേർക്ക് അപേക്ഷാ തിയതി മുതൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. തൻ വർഷത്തിൽ പെൻഷൻ അനുവദിച്ചതിലുണ്ടായ കാലതാമസത്തിന്റെ സംഗ്രഹം താഴെ ചേർക്കുന്നു.

| പെൻഷൻ ഇനം | ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചത് | കാലതാമസം |
|---|---|---|---|---|
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 27 | 22 | 5 | 4മാസം മുതൽ 6 മാസം വരെ |
| വിധവാപെൻഷൻ | 53 | 38 | 15 | 4മാസം മുതൽ 6 മാസം വരെ |
| വാർദ്ധക്യകാല പെൻഷൻ | 592 | 251 | 341 | 4മാസം മുതൽ 7 മാസം വരെ |
| കർഷക തൊഴിലാളി പെൻഷൻ | 47 | 22 | 25 | 4മാസം മുതൽ 8 മാസം വരെ |

| | | | | |
|---|---|---|---|---|
| അവിവാഹിത പെൻഷൻ | 3 | 2 | 1 | 4മാസം മുതൽ 7 മാസം വരെ |

പെൻഷനുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന സംവിധാനം (DBT)നിലവിൽ വന്ന സാഹചര്യത്തിൽ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ അപലോഡ് ചെയ്യുന്ന തിയതി മുതൽ മാത്രമേ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുകയുള്ളൂ എന്നതിനാൽ സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ പെൻഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി തീർത്ത് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

## 3-18 ലോഗ് ബുക്ക് - സംക്ഷിപ്തം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് ജിപ്പ് KL-64-A 5872 എന്ന മഹീന്ദ്ര ബൊലേറോയുടെ 2015-16 വർഷത്തെ ലോഗ് പരിശോധിച്ചതിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച സംക്ഷിപ്തം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. 11.2.15 ലെ ഇന്ധന ഉപഭോഗം സർട്ടിഫിക്കറ്റ് പ്രകാരം 10.50km (with A/C)

12.50km (wthout A/C) രേഖപ്പെടുത്തിയിട്ടുണ്ട്. വാഹന ഉപയോഗം സംബന്ധിച്ച് സർക്കുലർ നം.41/2008 /ധനം./2.8.2008 പാലിക്കേണ്ടതാണ്. ഇന്ധനത്തിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ഒറ്റ മാസങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. സംക്ഷിപ്തം എഴുതുമ്പോൾ ഇന്ധനത്തിന്റെ മുന്നിരിപ്പ്, തന്മാസം ആകെ വാങ്ങിയ ഇന്ധനത്തിന്റെ അളവ്, തൻമാസം ആകെ ഓടിയ ദൂരം, ഇന്ധനത്തിന്റെ നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ആകെ ഓടിയ ദൂരത്തെ ആകെ വാങ്ങിയ ഇന്ധനത്തിന്റെ അളവ് കൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്ന അക്കത്തിനനുസരിച്ചാണ് ഇന്ധന ഉപഭോഗം നിശ്ചയിക്കുന്നത് (ഉദാ.1500x10/150 =100). ഇന്ധത്തിന്റെ ഉപഭോഗം സംബന്ധിച്ച സംക്ഷിപ്തം എഴുതാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ലോഗ് ബുക്ക് ശരിയാംവണ്ണം എഴുതി സൂക്ഷിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ജലനിധി-അവലോകനം

ഗ്രാമീണ ശുദ്ധജല ശുചിത്വ മേഖലകളെ ശക്തിപ്പെടുത്തുന്നതിനും, ജനകീയ പങ്കാളിത്തത്തോടെ എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന കേരളസർക്കാർ ജലവകുപ്പിന്റെ കീഴിലുള്ള സ്വതന്ത്ര സ്ഥാപനമായ KRWSA യും കുഴൂർ ഗ്രാമപഞ്ചായത്തും ഗുണഭോക്തൃസമിതിയും സംയുക്ത സഹകരണത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതി (രണ്ടാംഘട്ടം) 2014-15 ലാണ് കുഴൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത്. ഗ്രാമീണ മേഖലയുടെ ശുചിത്വം കൂടി പദ്ധതിയുടെ ഭാഗമാണെങ്കിലും കുഴൂർ ഗ്രാമ പഞ്ചായത്തിൽ ശുചിത്വവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

മാള മൾട്ടി ജിപി സമഗ്ര ശുദ്ധജലവിതരണ പദ്ധതി എന്ന ഈ പദ്ധതിയുടെ പുതുക്കിയ അടങ്കൽ 6.22 കോടി രൂപയാണ്. തുകയുടെ 75% സംസ്ഥാന സർക്കാരും 15%ഗ്രാമപഞ്ചായത്തും 10%ഗുണഭോക്തൃവിഹിതവുമാണ്. കേരള വാട്ടർ അതോറിറ്റിയുടെ വൈന്തല പ്ലാന്റിൽ നിന്ന് ബൾക്ക് മീറ്റർ ലൈനുകൾ വഴി പദ്ധതിക്കാവശ്യമായ ജലം ലഭ്യമാക്കുന്നു. ഇതിന്റെ ഭാഗമായി 350 mm DI, 32mm PVC പൈപ്പുകൾ ഉപയോഗിച്ച് 94 കിലോമീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. 2150 ഗുണഭോക്താക്കൾക്ക് പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 617 കണക്ഷനുകളുൾപ്പെടെ ആകെ 2767കണക്ഷനുകൾ നിലവിലുണ്ട്. പദ്ധതിയുടെ 90% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിക്കായി നാളിതു വരെ സംസ്ഥാന സർക്കാർ വിഹിതമായി 3,66,59,621/- രൂപയും ഗ്രാമ പഞ്ചായത്ത് വിഹിതമായി 49,06,006/- രൂപയും എസ്.എൽ.ഇ.സി.വിഹിതമായി

39,37,377/- രൂപയും അടക്കം ആകെ 4,55,03,004/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിലവിൽ വാട്ടർ അതോറിറ്റി ജലം ഉപയോഗിച്ച് ലൈനുകൾ ചാർജ്ജ് ചെയ്യുന്ന പ്രവൃത്തികൾ നടന്നു വരുന്നു. കമ്മീഷൻ ചെയ്ത് ഒരു വർഷത്തേക്ക് അറ്റകുറ്റ പണികൾ കരാറുകാരന്റെ ചെലവിൽ നടത്തുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി തുടർ നടത്തിപ്പിന്റെ ചുമതല ഗുണഭോക്തൃ സമിതി/ സ്കീം ലെവൽ കമ്മിറ്റികൾക്കാണ്. ഇതിനായി നിയമാവലി തയ്യാറാക്കുകയും KRSWA യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമായ സാങ്കേതിക വിദഗ്ധർ, ജീവനക്കാർ എന്നിവരെ നിയമിക്കുകയും ചെയ്യേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിലെ സുതാര്യതയും ജന പങ്കാളിത്തവും ഉറപ്പു വരുത്തുന്നതിന് ഗുണഭോക്തൃ തല ഫെഡറേഷൻ, ഗ്രാമപഞ്ചായത്തുതല ആക്ടിവിറ്റി കമ്മിറ്റികൾ എന്നിവ രൂപീകരിക്കണം.

തുടർച്ചയായ ശുദ്ധജല ജലലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകളിൽ അധികരിക്കാതെ ശുദ്ധജല വിതരണം കാര്യക്ഷമമായി നടത്തുന്നതിനും ജലലഭ്യത, ജല വിതരണം എന്നിവ സംബന്ധിച്ച് ജലവിതരണ ഏജൻസിയായ വാട്ടർ അതോറിറ്റിക്കും ഗുണഭോക്താക്കൾക്കും ബാധകമായ കരാറുകൾ/നിയമാവലികൾ എന്നിവ തയ്യാറാക്കുന്നതിനും ജല മലിനീകരണം, ജലചൂഷണം എന്നിവ തടയുന്നതിന് ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഉറപ്പു വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്കീം ലെവൽ കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-20 തൊഴിലുറപ്പ് പദ്ധതി - അവലോകനം.

കുഴൂർ ഗ്രാമപഞ്ചായത്തിൽ 2015 -16 വർഷത്തിൽ ആകെ രജിസ്റ്റർ ചെയ്ത 3250 കുടുംബങ്ങളിൽ 3250 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്.

തൻവർഷം ആകെ 66878 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 345 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. തൻവർഷം ആകെ 491 പ്രോജക്ടുകളിൽ 210 എണ്ണത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 193 എണ്ണം നടപ്പിലാക്കുകയും 161 എണ്ണം പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ വരവ് 13751200 രൂപയും ചെലവ് 13748722 രൂപയും നീക്കിയിരിപ്പ് 2478 രൂപയുമാണ്.

വരൾച്ച നിവാരണ പ്രവർത്തനങ്ങൾ 4 എണ്ണം, ചെറുകിട ജലസേചന പ്രവർത്തനങ്ങൾ 61 എണ്ണം, മണ്ണ് ജലസംരക്ഷണം 114 എണ്ണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം 11 എണ്ണം, വെള്ളപൊക്ക നിവാരണപ്രവർത്തനങ്ങൾ 3 എണ്ണം എന്നിവയാണ് തൻവർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പരിശോധനയിൽ താഴെപറയുന്ന അപാകതകൾ കണ്ടു.

തൊഴിൽകാർഡ് പരിശോധിച്ചതിൽ രജിസ്റ്റർ ചെയ്തവരുടെ പലരുടേയും ഫോട്ടോ പതിച്ചിട്ടില്ല, രജിസ്റ്റർ ചെയ്ത തിയതി, രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥന്റെ പേരും ഒപ്പും, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര് മുതലായ വിവരങ്ങൾ പല പേജുകളിലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷ രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയതി പല പേജുകളിലും എഴുതി ചേർത്തിട്ടില്ല. മൂല്യ നിർണ്ണയ സാക്ഷ്യപത്രം, സൈറ്റ് ഡയറി എന്നിവ പൂർണ്ണമായി എഴുതി പൂർത്തികരിച്ചിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 75000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 36000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 36000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 72-ാം നമ്പർ അംഗൻവാടി ഇലക്ട്രിക്ക് കണക്ഷൻ | 13400 | 13400 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2015-16 വർഷം 83062 രൂപ വരവുണ്ട്. വരവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|
| 2014-15 | 1500 | മാനേജർ സപ്ലൈകോ, കുഴൂർ | 11501100694/10.7.15 |
| 2014-15 | 2500 | ലിയോ പി.എച്ച് | 11501100816/10.8.15 |
| 2013-14 | 8000 | ഐ.കെ.എം | 11501500012/17.8.15 |
| 2015-16 | 10 | വെറ്ററിനറി സർജൻ | 11501101437/26.10.15 |
| 2009-10 | 12500 | വി.കെ നാരായണൻ | 11501101534/20.11.15 |
| 2009-10 | 12500 | എം.പി സേവ്യാർ | 11501101541/21.11.15 |
| 2015-16 | 20 | വിലാസിനി മാരിക്കൽ | 11501101699/19.12.15 |
| 2015-16 | 20 | ശ്രീകല | 11501101700/19.12.15 |
| 2011-12 | 7029 | വി.കെ നാരായണൻ | 11501101736/30.12.15 |
| 2011-12 | 2500 | ഡോ. അഗസ്റ്റിൻ ജോസഫ് | 11501101763/5.1.16 |
| 2011-12 | 2250 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11501101776/5.1.16 |
| 2013-14 | 451 | പ്രതീഷ്, ക്ലർക്ക് | 11501101781/5.1.16 |
| 2014-15 | 500 | മാനേജർ സപ്ലൈകോ, കുഴൂർ | 11501101802/8.1.16 |
| 2013-14 | 200 | സെക്രട്ടറി, ആലമറ്റം ക്ഷീരോല്പാദക സഹകരണ സംഘം | 11501101825/15.1.16 |

| | | | |
|---|---|---|---|
| 2013-14 | 400 | പോൾ. ടി.എ. | 11501101835/15.1.16 |
| 2013-14 | 900 | ടി.എ. ബാബു | 11501101839/16.1.16 |
| 2013-14 | 2500 | മാനേജർ ,<br>പൗൾട്രി ഫാം | 11501101883/29.1.16 |
| 2009-10 | 12500 | എൻ.ഡി.ജോൺസൺ | 11501102267/4.3.16 |
| 2011-12 | 7500 | എം.എ. അഭിജിത്ത് | 11501102373/14.3.16 |
| 2014-15 | 9282 | വർഗീസ് ,<br>അസി.എഞ്ചിനീയർ | 11501101389/15.10.15 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 46529880 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59038821 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6122 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8012 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 961186 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 6122 | | പി.വി വിജയൻ സെക്രട്ടറി |
| 3-4 | | 6332 | ഗ്രേസി ജോസഫ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 1680 | ഡോ. സന്ധ്യദേവി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

| | | | |
|---|---|---|---|
| ആകെ | 6122 | 8012 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 179000 | പി.വി വിജയൻ<br>സെക്രട്ടറി |
| 3-6 | 65000 | പി.വി വിജയൻ<br>സെക്രട്ടറി |
| 3-9 | 50000 | ബിജു സി.വി<br>വി.ഇ.ഒ |
| 3-10 | 4686 | ഗിരീഷ് കൃഷ്ണൻ<br>മെഡിക്കൽ ഓഫീസർ ആയുർവേദം |
| 3-11 | 312500 | ഡോ. പ്രീത കെ. പള്ളത്ത്<br>വെറ്ററിനറി സർജൻ |
| 3-12 | 300000 | സുജിത്ത് പി.ജി<br>കൃഷി ഓഫീസർ |
| 3-13 | 50000 | ബിജു. സി.വി., വി.ഇ.ഒ. |
| ആകെ | 961186 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി സെസ്സ് ഇനത്തിലുള്ള കുറവ് 306/- രൂപ ലൈബ്രറി കൗൺസിലേയ്ക്ക് അടവാക്കേണ്ടതാണ്.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി വിജയൻ<br>സെക്രട്ടറി | സെക്രട്ടറി<br>കുഴൂർ ഗ്രാമപഞ്ചായത്ത് | പുനത്തികുടി<br>അന്നമനട<br>പിൻ-680734 |
| ഡോ. സന്ധ്യദേവി<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി)<br>കുഴൂർ ഗ്രാമ പഞ്ചായത്ത് | ഇന്ദ്രനീലം<br>താമരകുളം<br>മന്നം.പി.ഒ.<br>നോർത്ത്<br>പറവൂർ |

| | | |
|---|---|---|
| ഗ്രേസി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കുഴൂർ ഗ്രാമ പഞ്ചായത്ത് | പയ്യപ്പിള്ളി കാട്ടുകുറ്റി അങ്കമാലി - 683576 |

# 4-8 സാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 20 | 2003-04 | 3.08.2003 | മണൽ വില്പന ക്രമക്കേട് | ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പിരിച്ച് തിരിച്ചടച്ചു. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1969-70,1974-75 മുതൽ 1994-95 വരെ | എൽ.എഫ്.ടി.12-1310/96 തീയതി 29-11-1996 | |
| 1995-96 | എൽ.എഫ്.ടി.12-1926/97 തീയതി 11-03-1998 | |
| 1996-97 | എൽ.എഫ്.ടി.12-1941/97തീയതി 21-07-1998 | |
| 1997-98 | എൽ.എഫ്.ടി.13 698/99 തീയതി 24-01-2000 | |
| 1998-99 | എൽ.എഫ്.ടി.പി4-184/14/14.3.14/ 3.5.14 | 16 |
| 1999-2000 | | 7 |
| 2000-01 | | 4 |
| 2001-02 | | 3 |

| | | |
|---|---|---|
| 2002-03 | | 7 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 6 |
| 2006-07 | | 14 |
| 2007-08 | എൽ.എഫ്.ടി.13-640/10 തീയതി 31-03-2011 | |
| 2008-09 | എൽ.എഫ്.ടി.പി.14-1259/11തീയതി 17-10-2011/18-05-12 | |
| 2009-10 | എൽ.എഫ്.ടി.പി.14-1260/11തീയതി 17-10-2011/18-05-2012 | |
| 2010-11 | എൽ.എഫ്.ടി.പി.4-2156/12 തീയതി 05-02-2013/12-04-2013 | |
| 2011-12 | എൽ.എഫ്.ടി.പി.4-1401/13 തീയതി 09-12-13/13-01-2014 | |
| 2012-13 | എൽ.എഫ്.ടി.പി.4-1424/2014 തീയതി12-01-15/12-03-15 | |
| 2013-14 | നം കെ.എസ്.എ. ടി.എസ്.ആർ.പി. 4-1327/2015/3.11.15 | |
| 2014-15 | നം കെ.എസ്.എ. ടി.എസ്.ആർ. (പി.4) 1211/16 തിയതി 24.7.16 | |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA-TSR(P4)92/17

Kerala State Audit Department,

District Audit Office, Thrissur

PIN 680 020, Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

Dated 27.01.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Kuzhur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Kuzhr Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,Thrissur.

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)92/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

തിയ്യതി27.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.